<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397</u> <u>07-07-2022 - ൽ മറുപടിയ്ക്ക്</u>

<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്രപേർക്ക് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡുകളുടെ പെൻഷനും നൽകിവരുന്നുണ്ട്; വ്യക്തമാക്കാമോ; | (എ) | 2022 ജൂൺ മാസം സംസ്ഥാനത്ത് 5,013,085 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 669,936 ഗുണഭോക്താക്കൾക്കും പെൻഷൻ നൽകുന്നുണ്ട്. കൂടാതെ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ 411,609 ഗുണഭോക്താക്കൾക്കും പെൻഷൻ നൽകിവരുന്നു.<br><br>ഇതിനുപുറമെ, സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം വഴി 2666 പേർക്കും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ നിന്ന് 226 പേർക്കും പെൻഷൻ നൽകി വരുന്നു. കൂടാതെ, കായിക യുവജനകാര്യ വകുപ്പ് മുഖേന 1297 പേർക്ക് സർക്കസ് പെൻഷനും, 78 മുൻകാല കായിക താരങ്ങൾക്ക് അവശകായികതാര പെൻഷനും നൽകിവരുന്നു. |
| (ബി) | സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷന്റെയും ക്ഷേമനിധി ബോർഡുകളുടെ പെൻഷന്റെയും വിതരണത്തിനായി ഒരു മാസം എത്ര കോടി രൂപ ചെലവാകുന്നുണ്ട്; വിശദമാക്കാമോ? | (ബി) | 2022 ജൂൺ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 765.48,കോടി രൂപയും, സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണത്തിനായി 105.03 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി 77.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ, സാംസ്കാരികകാര്യ വകുപ്പിനു കീഴിലുള്ള സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം വഴി 42,60,600/- രൂപയും കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി വഴി 2,26,000/- രൂപയും പ്രതിമാസം |

| | | | |
|---|---|---|---|
| | | | ചെലവഴിക്കുന്നു. കൂടാതെ, കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷനായി 15,56,400/- രൂപയും, അവശ കായികതാര പെൻഷൻ നൽകുന്നതിനായി 1,00,100/- രൂപയും പ്രതിമാസം ചെലവഴിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ